**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3340** **11-03-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ പെരിങ്ങമല സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം മണ്ഡലത്തിലെ പെരിങ്ങമല സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ തൽസ്ഥിതി അറിയിക്കാമോ; | (എ) | വാമനപുരം മണ്ഡലത്തിലെ പെരിങ്ങമല വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണത്തിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരം പ്രസ്തുത നിർമ്മാണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളതും, കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിച്ച് വരുന്നതുമാണ്. നിലവിൽ ബേസ്മെന്റ് നിർമ്മാണം പുരോഗമിച്ച് വരുന്നു. |
| (ബി) | ഒരു വർഷത്തിനുമുമ്പ് നിർമ്മാണോദ്ഘാടനം കഴിഞ്ഞ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ കാര്യമായ പുരോഗതി ഇല്ലാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ? | (ബി) | പെരിങ്ങമല വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിക്ക് അഡ്വാൻസ് ഫണ്ടായ10 ലക്ഷം രൂപ അനുവദിക്കുന്നതിനായി 02.12.2024 ലെ LR/4384/2024-LR(M2) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിരുന്നുവെങ്കിലും BAMS-ലെ സാമ്പത്തിക നിയന്ത്രണം കാരണം പ്രസ്തുത തുക കൈമാറാൻ കഴിഞ്ഞിരുന്നില്ല. കൂടാതെ നിർദ്ദിഷ്ട സ്ഥലത്തെ പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും വാല്യുവേഷൻ ലഭിക്കുന്നതിലും പ്രസ്തുത വില്ലേജ് ഓഫീസ് പ്രവർത്തനത്തിനായി വാടക കെട്ടിടം കണ്ടെത്തി മാറുന്നതിനും അധിക സമയം വേണ്ടി വന്നു. പ്രസ്തുത വില്ലേജ് ഓഫീസ് നിർമ്മാണം വേഗത്തിലാക്കുന്നതിന് നിർമ്മാണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി അഡ്വാൻസ് തുക ലഭ്യമാക്കുന്ന മുറക്ക് അടിയന്തരമായി നിർമ്മാണം പൂർത്തീകരിക്കുമെന്ന് നിർമ്മാണ ഏജൻസി ഉറപ്പ് നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ